278/est/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-23249
email: celsgd@gmail.com
website: www.celsgd.com

ഇ17-10215/18/സിഇ/എൽ.എസ്.ജി.ഡി

തീയതി 3/10/2018

# സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം -ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയ പരിധി നീട്ടി നൽകുന്നത് - സംബന്ധിച്ച്

സൂചന:-
1. ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പിന്റെ 7.08.2018 ലെ 73/18/ധന നമ്പർ സർക്കുലർ
2. ഈ കാര്യാലയത്തിന്റെ 5.09.2018 ലെ E17/10215/18/CE/LSGD
3. സർക്കുലർ നം.84/2018/Fin dated:15.09.2018

*********

മേൽ സൂചന (1) പ്രകാരം, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ആയതിലേക്കുള്ള വിവര ശേഖരണാർത്ഥം മേൽ സൂചന (2) പ്രകാരം ഈ കാര്യാലയത്തിനു കീഴിലുള്ള ജീവനക്കാരുടെ വിവരങ്ങൾ 20.09.2018 നകം നൽകാൻ എല്ലാ DDO മാർക്കും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ വിവരങ്ങൾ ക്രോഡീകരിച്ച സമർപ്പിക്കുന്നതിനുള്ള സമയപരിധി സൂചന (2) പ്രകാരം സർക്കാർ നീട്ടി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഈ കാര്യാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ, അവരുടെ ആധികാരിത ഉറപ്പ് വരുത്തിയതിനു ശേഷം നിർദ്ദിഷ്ട പ്രോഫോർമയിൽ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 31.10.2018 വരെ നീട്ടി നൽകുന്നു. പ്രസ്തുത വിവരങ്ങൾ ഈ കാര്യാലയത്തിൽ നിന്നും ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതിനാൽ ടി തീയതിക്ക് ശേഷം ലഭിക്കുന്ന വിവരങ്ങൾ സർക്കാരിലേക്ക് കൈമാറാൻ കഴിയുകയില്ലെന്നും അങ്ങനെ വരുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക്/ DDO ക്ക് ആയിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു. ടി തീയതിക്ക് മുമ്പ് ജീവനക്കാരുടെ വിവരങ്ങൾ ഈ കാര്യാലയത്തിലേക്ക് കൈമാറുന്നതിൽ വിഴ്ച വരുത്തുന്ന നിയന്ത്രണാധികാരികൾക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചീഫ് എഞ്ചിനീയർ

To.
എല്ലാ നിയന്ത്രണാധികാരികൾക്കും/ DDO മാർക്കും

ഷാ/-